**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3771** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഏഴാം കേന്ദ്രശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളം നൽകുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും ആയതിന്റെ കീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങളിലെയും സി.എസ്.ഐ.ആർ നിരക്കിൽ ശമ്പളം ലഭിക്കുന്ന ജീവനക്കാർക്ക് ഏഴാം കേന്ദ്ര ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളം നല്കിത്തുടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശിക നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | 25/02/2021 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ)നമ്പർ.8/2021/ശാ.സാ.വ. പ്രകാരം, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലേയും, അനുബന്ധ ഗവേഷണ വികസന സ്ഥാപനങ്ങളിലെയും CSIR നിരക്കിൽ ശമ്പളം ലഭിക്കുന്ന ജീവനക്കാർക്ക്, ശമ്പള പരിഷ്കരണ കുടിശ്ശിക ഗഡുക്കളായി നൽകുന്നതാണെന്ന നിബന്ധനയോടെ ഏഴാം കേന്ദ്ര ശമ്പള പരിഷ്കരണം തത്ത്വത്തിൽ അനുവദിയ്ക്കുകയുണ്ടായി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിയ്ക്കുന്നു. ഇതര വിശദാംശങ്ങൾ, ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വരുന്ന തീയതി എന്നിവ ഉൾക്കൊള്ളുന്ന മറ്റൊരു പ്രത്യേക ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതിനായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറി ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളം പ്രസ്തുത ജീവനക്കാർക്ക് നല്കിത്തുടങ്ങിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെയും ശമ്പള പരിഷ്കരണ കുടിശിക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെയും പകർപ്പ് ലഭ്യമാക്കാമോ? | (സി) | 25/02/2021 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ)നമ്പർ.8/2021/ശാ.സാ.വ. പ്രകാരം, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലേയും, അനുബന്ധ ഗവേഷണ വികസന സ്ഥാപനങ്ങളിലെയും CSIR നിരക്കിൽ ശമ്പളം ലഭിക്കുന്ന ജീവനക്കാർക്ക്, ശമ്പള പരിഷ്കരണ കുടിശ്ശിക ഗഡുക്കളായി നൽകുന്നതാണെന്ന നിബന്ധനയോടെ ഏഴാം കേന്ദ്ര ശമ്പള പരിഷ്കരണം |

| | | | |
|---|---|---|---|
| | | | തത്ത്വത്തിൽ അനുവദിയ്ക്കുകയുണ്ടായി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിയ്ക്കുന്നു. ഇതര വിശദാംശങ്ങൾ, ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വരുന്ന തീയതി എന്നിവ ഉൾക്കൊള്ളുന്ന മറ്റൊരു പ്രത്യേക ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതിനായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറി ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.3771** **27/10/2021-ൽ മറുപടിയ്ക്ക്**

## ഏഴാം കേന്ദ്രശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളം നൽകുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ ജി എസ് ജയലാൽ | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും ആയതിന്റെ കീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങളിലെയും സി.എസ്.ഐ.ആർ നിരക്കിൽ ശമ്പളം ലഭിക്കുന്ന ജീവനക്കാർക്ക് ഏഴാം കേന്ദ്ര ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളം നല്കിത്തുടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക്ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) & (സി) | 25/02/2021 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ.8/2021/ ശാ.സാ.വ. പ്രകാരം, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലേയും, അനുബന്ധ ഗവേഷണ വികസന സ്ഥാപനങ്ങളിലെയും CSIR നിരക്കിൽ ശമ്പളം ലഭിക്കുന്ന ജീവനക്കാർക്ക്, ശമ്പള പരിഷ്കരണ കുടിശ്ശിക ഗഡുക്കളായി നൽകുന്ന |
| (സി) | ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളം പ്രസ്തുത ജീവനക്കാർക്ക് നൽകിത്തുടങ്ങിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെയും ശമ്പള | | |

| | | | |
|---|---|---|---|
| | പരിഷ്ക്കരണ കുടിശ്ശിക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെയും പകർപ്പ് ലഭ്യമാക്കാമോ? | | താണെന്ന നിബന്ധനയോടെ ഏഴാം കേന്ദ്ര ശമ്പള പരിഷ്ക്കരണം തത്ത്വത്തിൽ അനുവദിക്കുകയുണ്ടായി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതര വിശദാംശങ്ങൾ, ശമ്പള പരിഷ്ക്കരണം പ്രാബല്യത്തിൽ വരുന്ന തീയതി എന്നിവ ഉൾക്കൊള്ളുന്ന മറ്റൊരു പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറി ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**